സിവിൽസപ്ലൈസ് കോർപ്പറേഷൻ ശ്രമിച്ചുവരുന്നു. അതിനുപുറമേ സിവിൽസപ്ലൈസ് കോർപ്പറേഷൻ സ്വന്തം നിലയിൽ കേരള കൺസ്യൂമർ ഫെഡറേഷൻ സൊസൈറ്റി എന്നൊരു സംഘടന ശ്രീമതി ലീലാദാമോദരമേനോൻ അദ്ധ്യക്ഷയായി, രൂപീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളെ എല്ലാവിധത്തിലുള്ള ചൂഷണങ്ങൾക്കുമെതിരെ ബോധവൽക്കരിക്കുക എന്നുള്ളതാണ് ലക്ഷ്യം. ഈ ലക്ഷ്യം മുൻനിറുത്തി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഉപഭോക്തൃ താൽപ്പര്യ സംരക്ഷണത്തിനായി കേന്ദ്രഗവണ്മെന്റ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഉപഭോക്തൃ സംരക്ഷണത്തിനാവശ്യമായ നിയമം പാർലമെന്റിൽ അവതരിപ്പിക്കുവാൻ കേന്ദ്രതലത്തിൽ ആവശ്യമായ നീക്കങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനതലത്തിൽ പ്രത്യേക നിയമനിർമ്മാണം നടത്തുന്നകാര്യം ഇക്കാര്യത്തിലുള്ള കേന്ദ്രനിയമം നിലവിൽവരുന്ന മുറയ്ക്ക് ആരംഭിക്കുന്നതായിരിക്കും ഉചിതമെന്ന് കരുതുന്ന സംസ്ഥാന ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ജലവൈദ്യുത പദ്ധതികളുടെ ക്രമക്കേടുകളെപ്പറ്റി അന്വേഷണം

*279 [419] ശ്രീ. വി. വി. ജോസഫ് :
,, ഇ. ജെ. ലൂക്കോസ് :
,, കോട്ടക്കുഴി സുകുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ഏത്ര ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണത്തിലെ ക്രമക്കേടുകളെപ്പറ്റി സർക്കാർ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ട് ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഇടമലയാർ പദ്ധതിയുടെ പവ്വർ ടണലിൽ ഉണ്ടായ ചോർച്ചയേയും, അതിനിടയാക്കിയ കാരണങ്ങളെയും പറ്റി അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ മി. ജസ്റ്റിസ് സുകുമാരനെ 1985 ഡിസംബർ 21-ാം തീയതിയിലെ സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

കേരളത്തിലെ റയിൽവേ വികസനത്തിന് നീക്കിവച്ചിട്ടുള്ള സംഖ്യ

*280 [420] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. വി. മുഹമ്മദ് :
,, നാലകത്ത് സൂപ്പി :
,, പി. കെ. കെ. ബാവ :
,, സി. ടി. അഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലേക്കുള്ള കേന്ദ്ര റയിൽവേ ബഡ്ജറിൽ കേരളത്തിലെ റെയിൽവേ വികസനത്തിന് നീക്കിവച്ചിട്ടുള്ള സംഖ്യ എത്രയാണെന്നു പറയാമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള തീവണ്ടിപ്പാതകൾ ഇരട്ടിപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ടോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) 21.74 കോടി രൂപ.

(ബി) 1984-ൽ സംസ്ഥാന സർക്കാർ കേന്ദ്ര റയിൽവേ മന്ത്രിക്കു സമർപ്പിച്ച നിവേദനത്തിലൂടെ എറണാകുളം—തിരുവനന്തപുരം ലൈനും ഷൊർണൂർ—കണ്ണൂർ ലൈനും ഇരട്ടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

നെൽകൃഷിക്കാർക്കുള്ള വള സബ്സിഡി

* 281 [421] ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, ടി. പി. പീതാംബരൻ മാസ്റ്റർ :
,, എ. കെ. ശശീന്ദ്രൻ :
,, കെ. ശങ്കരനാരായണപിള്ള :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെയും തൃശ്ശൂർ കോൾ നിലങ്ങളിലെയും നെൽകൃഷിക്കാർക്ക് വളം സബ്സിഡി നൽകിയത് എന്നുമുതലാണ് ;

(ബി) 1982-83 മുതൽ 1985-86 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും കുട്ടനാട്ടിലെയും തൃശ്ശൂർ കോൾ നിലങ്ങളിലെയും നെൽകൃഷിക്കാർക്ക് വളം സബ്സിഡി ഇനത്തിൽ നൽകിയ സംഖ്യ എത്ര ;

(സി) ഈ ഇനത്തിൽ ഇതുവരെ എത്ര സംഖ്യ ചെലവായി ;

(ഡി) ഈ സാമ്പത്തിക വർഷം ഈ ആവശ്യത്തിനുവേണ്ടി നീക്കിവച്ച സംഖ്യ എത്ര ;

(ഇ) അതിൽ ചെലവഴിച്ച സംഖ്യ എത്ര ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 1983-84 മുതലാണ്.

(ബി) 1982-83 സാമ്പത്തിക വർഷത്തിൽ വളം സബ്സിഡി നൽകിയിട്ടില്ല. 1983-84 സാമ്പത്തിക വർഷത്തിൽ 58,670 രൂപയും 1984-85 സാമ്പത്തിക വർഷത്തിൽ 52,38,340 രൂപയും 1985-86 സാമ്പത്തിക വർഷത്തിൽ 49,74,768 രൂപയും വളം സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

(സി) 1983-84 മുതൽ ഇതുവരെ ഈ ഇനത്തിൽ 1,02,71,778 രൂപ ചെലവായിട്ടുണ്ട്.

(ഡി) യും (ഇ) യും. ഈ വർഷത്തെ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly